## പതിമൂന്നാം കേരളനിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4288** **17/12/2014-ൽ മറുപടിക്ക്**

# കാരുണ്യ ഫാർമസികളിൽ ഫാർമസിസ്റ്റ്

**ചോദ്യം**

**ശ്രീ. ആർ. സെൽവരാജ്**

**മറുപടി**

**ശ്രീ. വി. എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | ആരോഗ്യവകുപ്പിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന കാരുണ്യ ഫാർമസികളിൽ ഫാർമസിസ്റ്റ് ആയി എത്രപേർ സംസ്ഥാനത്തൊട്ടുക്കായി ജോലി നോക്കിവരുന്നു ; വിശദാംശം ലഭ്യമാക്കാമോ ; | (എ) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന കാരുണ്യ ഫാർമസികളിൽ 266 പേർ ഫാർമസിസ്റ്റ് ആയി ജോലി നോക്കി വരുന്നു. |
| (ബി) | ഇതിൽ എത്രപേർക്കാണ് സ്ഥിരനിയമനം ലഭ്യമായിട്ടുള്ളത് ; | (ബി) | കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിലെ ഫാർമസിസ്റ്റുകളുടെ നിയമനങ്ങളെല്ലാം തന്നെ കരാറടിസ്ഥാനത്തിലുള്ളവയാണ്. |
| (സി) | ഇപ്പോൾ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ കീഴിലുള്ള കാരുണ്യ ഫാർമസിയിൽ സേവനം അനുഷ്ഠിക്കുന്ന ഫാർമസിസ്റ്റുകളെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാമോ ; ഇത് സംബന്ധിച്ച ഏതെങ്കിലും ഫയൽ പരിഗണനയ്ക്ക് വന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ അനുകൂല നടപടി സ്വീകരിക്കാമോ ; വിശദാംശം ലഭ്യമാക്കുമോ ? | (സി) | കാരുണ്യ ഫാർമസിയിൽ സേവനം അനുഷ്ഠിക്കുന്ന ഫാർമസിസ്റ്റുകളെ സ്ഥിരപ്പെടുത്തുന്നതിന് നിലവിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ